## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1054

04/12/2014-ൽ
മറുപടിയ്ക്ക്

### സ്കോളർ സപ്പോർട്ട് പ്രോഗ്രാം

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ:
ശ്രീ.ഷാഫി പറമ്പിൽ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സ്കോളർ സപ്പോർട്ട് പ്രോഗ്രാം 2012-13 അധ്യയന വർഷം മുതൽ നടപ്പാക്കി വരുന്നു. 2012-13 ൽ കേരളത്തിലെ 41 സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിലാണ് പദ്ധതി നടപ്പാക്കിയത്. ഒരു കോളേജിൽ 50 കുട്ടികൾക്കാണ് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷ ബിരുദ വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. |
| (ബി)<br><br>(സി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br><br>ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി)<br>&<br>(സി) | ഓരോ കോളേജിലും, കോളേജിലെ സാഹചര്യങ്ങളും ആവശ്യവും പരിഗണിച്ച്, കുറഞ്ഞത് 6 വിഷയങ്ങളിലെങ്കിലും വേണ്ട സഹായം വിദ്യാർത്ഥികൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർവ്വകലാശാലാ തലത്തിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകളിൽ വിദ്യാർത്ഥികൾ മോശം പ്രകടനം കാഴ്ചവെച്ച വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ നിന്നും വിദ്യാർത്ഥികളുടെ താൽപര്യം കൂടി പരിഗണിച്ച് കോളേജ് തലത്തിൽ വിഷയങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. ഒരു വിഷയം ഇംഗ്ലീഷ് ആയിരിക്കും. മറ്റ് അഞ്ച് വിഷയങ്ങൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട കോളേജ് കണ്ടെത്തണം. അതനുസരിച്ച് പഠനത്തിന് സഹായം വേണ്ട മാർക്ക് കുറവുള്ള 50 വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിന് പത്ത് കുട്ടികളെയും മറ്റ് അഞ്ച് വിഷയങ്ങൾക്കോരോന്നിനും |

| | | | |
|---|---|---|---|
| | | | 8 വീതം കുട്ടികളെയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന 50 വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഒരു വർഷം ഒരു വിഷയത്തിൽ 20 മണിക്കൂർ വീതം 6 വിഷയങ്ങൾക്ക് പരമാവധി 120 മണിക്കൂർ വരെ പദ്ധതി പ്രകാരം സഹായം നൽകാം. വിദ്യാർത്ഥികൾക്കു വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതിന് ഓരോ വിഷയത്തിലും ഉള്ള കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ക്ലാസുകൾ വഴി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷയ്ക്കു തയ്യാറെടുപ്പു നടത്താൻ വേണ്ട സഹായം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ ചില വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാല പരീക്ഷാ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തരസൂചികകളോടൊപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഇതൊക്കെയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പദ്ധതി നടത്തിപ്പിൽ നിന്നും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പ്രകടനം യൂണിവേഴ്സിറ്റിതല പരീക്ഷകളിൽ കാഴ്ച വെയ്ക്കാനാകുമെന്ന് പ്രതീക്ഷിയ്ക്കുന്നു. |
| (ഡി) | എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 2012-13 വർഷം ഒരു പൈലറ്റ് പദ്ധതി എന്ന രീതിയിൽ സർക്കാർ കോളേജുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്. 2013-14 വർഷം 45 എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 വർഷം 148 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ